**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1417 31.10.2019 ൽ മറുപടിയ്ക്ക്**

**കോതമംഗലം വില്ലേജിലെ സ്ഥലകയ്യേറ്റം**

| **ചോദ്യം**<br>**ശ്രീ.ആന്റണി ജോൺ** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | കോതമംഗലം ചെയർമാൻ ശ്രീ. ഷിബു തെക്കുംപുറം കോതമംഗലം വില്ലേജിൽ സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട പരാതി റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | പ്രസ്തുത പരാതിയിൽ അന്വേഷണമോ നിയമാനുസൃത നടപടിയോ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) | എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച അന്വേഷണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) യും (ഡി) യും (ഇ) യും<br>ശ്രീ.സജി ജോർജ്, കൊച്ചുപറമ്പിൽ നൽകിയ പരാതി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതിന് കോതമംഗലം ഭൂരേഖ തഹസിൽദാർക്ക് അയച്ചു കൊടുത്തിട്ടുള്ളതാണ്. കോതമംഗലം ഭൂരേഖ തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം പരാതിയിലെ 2-ാം എതിർകക്ഷിയായ ശ്രീമതി.ബിജിഷിബു ബഹു.മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ OS 429/19 നമ്പർ ഹർജി ഫയൽ ചെയ്യുകയും ആയതിൽ statusquo നിലനിർത്താൻ ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ ടി കക്ഷി ബഹു.ഹൈക്കോടതിയിൽ WP(C)23604/19 നമ്പർ ഹർജി ഫയൽ ചെയ്തതായും ആയത് കോടതി നടപടിയിലിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ പരാതിവസ്തുവിലെ കയ്യേറ്റത്തിനെതിരെ ശ്രീ.അനിൽകുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 20/08/19 ലെ WP(C) 22667/19 - വിധിയുത്തരവിൽ കയ്യേറ്റം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി പരിശോധിക്കാനും, കയ്യേറ്റം കണ്ടെത്തിയാൽ |
| (ഡി) | പ്രസ്തുത അന്വേഷണത്തിൽ സ്ഥലം കയ്യേറ്റം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | |
| (ഇ) | സ്ഥലം കയ്യേറ്റവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള തുടർ നടപടി വ്യക്തമാക്കാമോ? | |

| | | |
|---|---|---|
| | | 2 മാസത്തിനകം ഒഴിപ്പിക്കാൻ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 5/10/19 ന് കോതമംഗലം ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ